"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ നടപ്പാക്കുന്നതിനായി ജില്ലകളിൽ നിയമിതരായിട്ടുള്ള പ്രോജക്ട് എൻജിനീയർമാരുടെ വേതനവർദ്ധനവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2454/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/12/2020

---

പരാമർശം:- 1. 28.12.2018-ൽ ചേർന്ന നാഷണൽ റർബൻ മിഷൻ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അജണ്ട നം.4 ലെ തീരുമാനം.

2. സ.ഉ.(പി) നം. 81/2019/ധന തീയതി 09.07.2019

3. ഗ്രാമവികസന കമ്മീഷണറുടെ 24.01.2020-ലെ 18497/ആർ.ഐ.4/17/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

റർബൻ മിഷൻ നടപ്പാക്കുന്ന ജില്ലകളിൽ ഓരോ പ്രോജക്ട് എഞ്ചിനീയറെ വീതം നിയമിക്കാൻ സൂചന (1) പ്രകാരം തീരുമാനിച്ചിരുന്നു. ബി.ടെക് (സിവിൽ) യോഗ്യതയുള്ളവർക്ക് 15,000/- രൂപയാണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രതിഫലത്തുക താരതമ്യേന കുറവായതിനാൽ കഴിവും താല്പര്യവുമുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നില്ലായെന്ന പരാതിയുള്ള സാഹചര്യത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ബി.ടെക് (സിവിൽ) യോഗ്യതയുള്ള റർബൻ പ്രോജക്ട് എഞ്ചിനീയർമാരുടെ വേതനം 26,750/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകണമെന്ന് സൂചന (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് കീഴിൽ കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം സൂചന (2) പ്രകാരം പുതുക്കി നൽകിയിട്ടുണ്ട്. ഇതിലെ ബി.ടെക് യോഗ്യതയായുള്ള തസ്തികയ്ക്ക് നിശ്ചയിച്ചിരിക്കുന്ന കരാർ വേതനവും, സമാന യോഗ്യതയുള്ള റർബൻ മിഷനിൽ പ്രൊജക്ട് എൻജിനീയർക്കായി നിശ്ചയിച്ചിരിക്കുന്ന വേതനവും തമ്മിൽ ഗണ്യമായ അന്തരമുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ജില്ലാ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ബി.ടെക് (സിവിൽ) യോഗ്യതയുള്ള റർബൻ പ്രോജക്ട് എഞ്ചിനീയർമാരുടെ വേതനം ₹26,750/- (ഇരുപത്തി ആറായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) ആയി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

3) മേൽ വേതന വർദ്ധനവിന് 01.12.2020 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

4) മേൽ വേതന വർധനവിനായുണ്ടാകുന്ന അധിക ചെലവ് റർബൻ ഭരണചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 2% തുകയിൽ നിന്നും നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (w.r.t file no.(1481582) Dev-1/41/2020-Fin dated 04.08.2020)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി-വെബ് & ന്യൂ മീഡിയ - സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.12.30 13:12:44 IST
Reason: Approved

സെക്ഷൻ ഓഫീസർ